## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1217 — 03.12.2015 ൽ മറുപടിയ്ക്ക്

## സാക്ഷരതാ മിഷന്റെ കീഴിൽ ഹയർ സെക്കൻഡറി തുല്യതാ കോഴ്സുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.കെ.ലതിക | ശ്രീ.പി.കെ.അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാന സാക്ഷരതാ മിഷന്റെ കീഴിൽ ഹയർ സെക്കൻഡറി തുല്യതാ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത കോഴ്സിന്റെ സിലബസ്, ഫീസ്, കാല ദൈർഘ്യം, പരീക്ഷാ സെന്റർ, പരീക്ഷാ രീതി എന്നിവ ഏതെല്ലാം തരത്തിലാണ് നിശ്ചയിച്ചിരിക്കുന്നത്; | (ബി) ഹ്യുമാനിറ്റീസ് ഗ്രൂപ്പുകളിൽ ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി അല്ലെങ്കിൽ ഗാന്ധിയൻ സ്റ്റഡീസ് എന്നിവയും, കോമേഴ്സ് ഗ്രൂപ്പിൽ അക്കൗണ്ടൻസി, ബിസിനസ്സ് സ്റ്റഡീസ്, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ് എന്നിവയും ഐച്ഛിക വിഷയങ്ങളും, പാർട്ട് I ൽ ഇംഗ്ലീഷും, പാർട്ട് II ൽ മലയാളം അല്ലെങ്കിൽ ഹിന്ദി എന്നിവയുമാണ് സിലബസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br>**ഫീസ്**<br>അപേക്ഷാഫോറം - 100/- രൂപ<br>രജിസ്ട്രേഷൻ/ അഡ്മിഷൻ ഫീസ് - 200/- രൂപ<br>കോഴ്സ് ഫീസ് - 1950/- രൂപ (പുസ്തക വില അടക്കം)<br>പരീക്ഷാ ഫീസ് - ഹയർ സെക്കൻഡറി ഡയറക്ടറേറ്റ് നിശ്ചയിക്കുന്ന തുക<br>**കാലദൈർഘ്യം** - 2 വർഷം |

**പരീക്ഷാ സെന്റർ** - തെരഞ്ഞെടുക്കപ്പെട്ട ഹയർ സെക്കൻഡറി സ്കൂളുകൾ

**പരീക്ഷാ രീതി** - ഔപചാരിക ഹയർ സെക്കൻഡറി പരീക്ഷയ്ക്ക് തുല്യമായ രീതി.

(സി) എസ്.എസ്.എൽ.സി പാസായവരോ, ഹയർ സെക്കൻഡറി മുടങ്ങിയവരോ ആയ നിശ്ചിത പ്രായപരിധി കഴിഞ്ഞവരാണ് പഠിതാക്കൾ എന്നതിനാൽ കോഴ്സിന്റെ കാലദൈർഘ്യം ആറു മാസമോ ഒരു വർഷത്തിൽ താഴെയോ ആയി നിജപ്പെടുത്തുമോ;

(ഡി) ഇത്തരത്തിൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസം കൂടുതൽ ആകർഷകമാവുകയും അന്യസംസ്ഥാന ഹ്രസ്വകാല കോഴ്സുകളെ ആശ്രയിക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിനും കഴിയുമെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ?

(സി) & (ഡി) ഔപചാരിക ഹയർ സെക്കൻഡറി കോഴ്സിന് തുല്യമായ കരിക്കുലവും സിലബസ്സുമാണ് ഹയർ സെക്കൻഡറി തുല്യതാ കോഴ്സിനും ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ കാലദൈർഘ്യത്തിൽ ഇളവ് അനുവദിച്ചുകൊണ്ട് പ്രസ്തുത കോഴ്സ് കൂടുതൽ ആകർഷകമാക്കുവാൻ നിർവ്വാഹമില്ല.

സെക്ഷൻ ഓഫീസർ